- സാന്ത്വനപരിചരണം - കിടപ്പിലായ രോഗികൾക്ക് അവരുടെ വീടുകളിൽ ചെന്ന് ഡോക്ടർമാർ, സ്റ്റാഫ് നഴ്സ് എന്നിവർ ഉൾപ്പെടെയുള്ള മെഡിക്കൽ ടീം ദുരിതബാധിതർക്ക് ചികിത്സ നൽകി.
- ഫിസിയോതെറാപ്പി യൂണിറ്റ് - 11 ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലെ ആശുപത്രികളിൽ ഫിസിയോതെറാപ്പി സേവനം ലഭ്യമാക്കി. കാസർഗോഡ് ജില്ലയിൽ വിദഗ്ധ സേവനം ലഭ്യമാക്കുന്നതിനായി ജനറൽ ആശുപത്രിയിൽ പി.എം.ആർ. യൂണിറ്റിൽ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കി.
- പ്രതിമാസ സാമ്പത്തിക സഹായം - ദുരിതബാധിതർക്ക് രോഗാവസ്ഥ അനുസരിച്ച് 2000, 1000 രൂപ എന്നീ നിരക്കിൽ പ്രതിമാസ ധനസഹായം അനുവദിച്ചു.
- സൗജന്യ യാത്രാ സൗകര്യം- എൻഡോസൾഫാൻ ദുരിതബാധിതരെ ആശുപത്രികളിൽ എത്തിക്കുന്നതിനായി 11 ഗ്രാമപഞ്ചായത്തുകളിൽ പ്രത്യേക വാഹനസൗകര്യം ഏർപ്പെടുത്തി.
- ദുരിതബാധിത കുടുംബങ്ങൾക്ക് സൗജന്യ റേഷൻ അനുവദിച്ചിട്ടുണ്ട്.

എൻഡോസൾഫാൻ ദുരിതബാധിതർ

99 (71) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിതരുടെ കടം എഴുതിത്തള്ളാൻ സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) കടം എഴുതിത്തള്ളുന്നതിനായി എത്ര പേരുടെ ലിസ്റ്റാണ് തയ്യാറാക്കിയിട്ടുള്ളത്; ഇതിന് എത്ര തുകയാണ് വേണ്ടത്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) നാളിതുവരെയായി കടം എഴുതിത്തള്ളുന്നതിലേക്കായി പ്രത്യേക ഫണ്ട് എന്ന നിലയിൽ എത്ര തുക അനുവദിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിതരുടെ കടം എഴുതിത്തള്ളുന്നത് സംബന്ധിച്ച ആരോഗ്യ കുടുംബക്ഷേമവകുപ്പിന്റെ 10-10-2014-ലെ സ.ഉ.(എം.എസ്)നമ്പർ298/2014/ആകവ പ്രകാരം ഉത്തരവായിട്ടുണ്ട്. കടങ്ങൾ എഴുതിത്തള്ളുന്നതിനുള്ള മാനദണ്ഡങ്ങൾ താഴെ പറയുന്ന പ്രകാരമാണ്.

- സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ, വാഹന വായ്പ, ഗൃഹനിർമ്മാണ വായ്പ, ഗൃഹോപകരണങ്ങൾ, ആഡംബര വസ്തുക്കൾ തുടങ്ങിയവ വാങ്ങുന്നതിനുള്ള വായ്പകൾ എന്നിവ ഒഴികെ ദുരിതബാധിതരുടെ/ കുടുബാംഗങ്ങളുടെ 50,000 രൂപ വരെയുള്ള കടങ്ങൾ മറ്റു പരിഗണനകൾ ഇല്ലാതെ കടാശ്വാസ പദ്ധതിയിൽ ഉൾപ്പെടും.
- കുട്ടികളുടെയും ബുദ്ധിമാന്ദ്യം സംഭവിച്ചവരുടെയും കാര്യത്തിൽ അച്ഛനമ്മമാരുടെയും അവരുടെ അഭാവത്തിൽ രക്ഷിതാക്കളുടെയും പേരിലും മറ്റുള്ളവരുടെ കാര്യത്തിൽ ഭാര്യ/ഭർത്താവ്, അച്ഛൻ, അമ്മ, മക്കൾ എന്നിവരുടെ പേരിലും ഉള്ള കടങ്ങൾ കടാശ്വാസത്തിന്റെ പരിധിയിൽ ഉൾപ്പെടും.
- ദുരിതബാധിതനായ ആളിന്റെ പേരിൽ ഒന്നിൽ കൂടുതൽ വായ്പകൾ എടുത്തിട്ടുള്ള പക്ഷം 50,000 രൂപ പരിധിക്കുള്ളിൽ പൂർണ്ണമായും അടച്ചുതീർക്കാൻ കഴിയുന്ന വായ്പകൾക്കുമാത്രം കടാശ്വാസ പദ്ധതി ബാധകമാക്കുന്നതാണ്.
- 2011 ജൂലൈ മാസമോ അതിന് ശേഷമോ എടുത്ത കടങ്ങൾ അതിന് മുമ്പെടുത്ത കടങ്ങളുടെ തുടർച്ചയായി പുതുക്കി എടുത്തിട്ടുള്ളതായി ബന്ധപ്പെട്ട ബാങ്കുകൾ സാക്ഷ്യപ്പെടുത്തിയാൽമാത്രം കടാശ്വാസ പദ്ധതിക്കായി പരിഗണിക്കുന്നതാണ്.

കൂടാതെ ദുരിതബാധിതരുടെ വായ്പകളുടെ മുതൽ തുക സർക്കാർ അനുവദിക്കാമെന്നും പലിശ ബന്ധപ്പെട്ട ബാങ്കുകൾ ഒഴിവാക്കി നൽകണമെന്നുമുള്ള ബഹുമാനപ്പെട്ടമുഖ്യമന്ത്രിയുടെ നിർദ്ദേശം ജില്ലയിലെ ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കുകൾ അംഗീകരിക്കുകയും എന്നാൽ വായ്പയുടെ പലിശബാധ്യത ഏറ്റെടുക്കുന്നതിന് പ്രത്യേക സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണമെന്ന

സഹകരണ ബാങ്കുകളുടെ ആവശ്യം സർക്കാരിലേക്ക് അറിയിക്കുകയും ആയതിന്റെ അടിസ്ഥാന ത്തിൽ എൻഡോസൾഫാൻ ദുരിതബാധിതരുടെ വായ്പകളിന്മേലുള്ള പലിശ അതാതു ബാങ്കുകൾ എഴുതിത്തള്ളുന്നതിനും അതുമൂലം ഉണ്ടാകുന്ന പലിശ നഷ്ടം ഏറ്റെടുക്കുന്നതിനും ബന്ധപ്പെട്ട സഹകരണ ബാങ്കുകൾക്ക് നിർദ്ദേശം നൽകി സ.ഉ.(സാധാ)നമ്പർ 56/16/സഹ തീയതി 29-01-16 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കടം എഴുതിത്തള്ളുന്നതിലേക്കായി പ്രാഥമികമായി 1191 പേരുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. ഇതിലേക്കായി 10,90,76,648 രൂപ (പലിശ തുക അടക്കം) ആവശ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

(സി) കടം എഴുതിത്തള്ളുന്നതിലേയ്ക്കായി പ്രത്യേക ഫണ്ട് അനുവദിച്ചിട്ടില്ല.

മുഖ്യമന്ത്രിയുടെ ചികിത്സാ ധനസഹായ നിധി

100 (72) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാറിന്റെ കാലയളവിൽ മുഖ്യമന്ത്രിയുടെ ചികിത്സാ ധന സഹായനിധിയിൽ നിന്നും വയനാട് ജില്ലയിൽ അനുവദിച്ചിരിക്കുന്ന ചികിത്സാ ധനസഹായത്തിന്റെ വർഷം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) മുഖ്യമന്ത്രിയുടെ ചികിത്സാ ധനസഹായനിധിയിൽ നിന്നും കഴിഞ്ഞ അഞ്ചുവർഷങ്ങളിൽ വയനാട് ജില്ലയിൽ അനുവദിച്ച തുകയുടെ താലൂക്ക് തല വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ലഭ്യമാക്കാം.

വർഷം		തുക
2011-2012	-	1,30,00,000
2012-2013	-	1,61,00,000
2013-2014	-	3,50,00,000
2014-2015	-	5,61,00,000
2015-2016	-	7,15,00,000

LIBRARY ARCHIVES Kerala Legislative Assembly